**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2361**

**14.06.2019 - ൽ മറുപടിക്ക്.**

# അനധികൃത കുപ്പിവെള്ള കമ്പനികൾ

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | | മറുപടി<br>**ശ്രീ. ഇ. പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).** |
|---|---|---|
| (എ) കുപ്പിവെള്ളം നിർമ്മിക്കുന്ന എത്ര കമ്പനികൾ പ്രവർത്തിക്കുന്നുണ്ട് ; അനധികൃതമായി പ്രവർത്തിക്കുന്ന എത്ര കുപ്പിവെള്ള വിതരണ കമ്പനികൾ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത് ; | (എ) : | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ വകുപ്പിന്റെ ലൈസൻസോടുകൂടി കുപ്പിവെള്ളം നിർമ്മിക്കുന്ന 140 കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്.<br>പ്രസ്തുത ലൈസൻസില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന കമ്പനികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) വേണ്ടത്ര ശുദ്ധീകരിക്കാതെ വെള്ളം വിൽക്കുന്ന അനധികൃത കമ്പനികൾക്കെതിരെ കാര്യമായ നടപടികൾ സ്വീകരിക്കാത്തതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ അനധികൃതമായി പ്രവർത്തിച്ച എത്ര കമ്പനികൾക്കെതിരെ ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട് ; | (ബി) : | ഉണ്ട്.<br>ആക്ഷേപം ശ്രദ്ധയിൽപ്പെടുന്നതിനനുസരിച്ച് 2006-ലെ ഭക്ഷ്യസുരക്ഷ ഗുണനിലവാരനിയമമനുസരിച്ച് നടപടി സ്വീകരിച്ചു വരുന്നുണ്ട്. ഇത്തരത്തിൽ 19 കമ്പനികൾക്കെതിരെ നടപടിയെടുത്തിട്ടുണ്ട്. |
| (സി) ഗുണമേന്മയില്ലാത്ത കുപ്പിവെള്ളം നിർമ്മിക്കുന്ന കമ്പനികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ ? | (സി) | 2006-ലെ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങളും അനുസരിച്ച് ശക്തമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

കെ/11/06/19